ഉത്തരം

(എ)&(ബി) വിവരം ശേഖരിച്ചു വരുന്നു.

(സി)-(ഇ) വിവരം ശേഖരിച്ചു വരുന്നു.

താലൂക്ക് ആശുപത്രികൾ

142 (800)ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര താലൂക്ക് ആശുപത്രികൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) തൃശ്ശൂർ ജില്ലയിലെ താലൂക്ക് ആശുപത്രികൾ ഏതെല്ലാമാണ്;

(സി) തൃശ്ശൂർ താലൂക്കിൽ താലൂക്ക് ആശുപത്രി നിലവിലില്ലെന്നത് ശരിയാണോ;

(ഡി) ചേർപ്പ് കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ താലൂക്ക് ആശുപത്രിയായി ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) ഈ വർഷം പുതിയ പി.എച്ച്.സി., സി.എച്ച്.സി. എന്നിവ അനുവദിക്കുന്നുണ്ടോ; എങ്കിൽ എത്രയെണ്ണം;

(എഫ്) പുതിയ സി.എച്ച്.സി. അനുവദിക്കുമ്പോൾ പാറളം പി.എച്ച്.സി., സി.എച്ച്.സി. ആയി ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ

ഉത്തരം

(എ) ആരോഗ്യവകുപ്പിന്റെ കീഴിൽ 41-ഉം നാട്ടു ചികിത്സാ വകുപ്പിന്റെ കീഴിൽ 14-ഉം ഹോമിയോപ്പതി വകുപ്പിൽ 17-ഉം താലൂക്ക് ആശുപത്രികൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) തൃശ്ശൂർ ജില്ലയിൽ ആരോഗ്യ വകുപ്പിൽ കൊടുങ്ങല്ലൂർ, ഇരിങ്ങാലക്കുട, ചാവക്കാട്, വടക്കാഞ്ചേരി, ചാലക്കുടി എന്നിവിടങ്ങളിലും ആയുർവേദ വകുപ്പിൽ ഗുരുവായൂർ, ഇരിങ്ങാലക്കുട, അന്തിക്കാട് എന്നിവിടങ്ങളിലുമാണ് താലൂക്ക് ആശുപത്രികൾ ഉള്ളത്.

(സി) ശരിയാണ്.

(ഡി) അതിനുള്ള നിർദ്ദേശങ്ങൾ ഇപ്പോൾ പരിഗണനയിലില്ല.

(ഇ) ഈ വർഷം 25 പി.എച്ച്.സി.കളെ സി.എച്ച്.സി. ആയി ഉയർത്താൻ ഉദ്ദേശമുണ്ട്.

(എഫ്) ചേർപ്പ് ബ്ലോക്കിലാണ് പാറളം പി.എച്ച്.സി. സ്ഥിതി ചെയ്യുന്നത്. ഇവിടെ ചേർപ്പ് സി.എച്ച്.സി. ഉള്ളതിനാൽ പാറളം പി.എച്ച്.സിയെ സി.എച്ച്.സി. ആയി ഉയർത്താൻ തൽക്കാലം നിർവ്വാഹമില്ല.

കെ.എച്ച്.ആർ.ഡബ്ല്യു.എസ്. പേ വാർഡുകളുടെ ശോച്യാവസ്ഥ

142 (801)ശ്രീ. വെങ്ങാന്നൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രി, എസ്.എ.ടി. ആശുപത്രി എന്നിവിടങ്ങളിലെ കെ.എച്ച്.ആർ.ഡബ്ല്യു.എസ് പേ വാർഡുക

LIBRARY ARCHIVES Kerala Legislative Assembly

ളിൽ സാനിറ്ററി, ഇലക്ട്രിസിറ്റി വിംഗുകൾ കാര്യമായി പ്രവർത്തിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) ഈ വർഷം പുതുതായി ബൾബുകൾ, ട്യൂബുലൈറ്റുകൾ തുടങ്ങിയവ വാങ്ങുവാൻ കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്. ഈ ആശുപത്രിക്ക് എത്ര രൂപ അനുവദിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നടപടി സ്വീകരിച്ചുവരുന്നു.

(സി) കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്.-ന്റെ പേ വാർഡുകളിലേയ്ക്കു ആവശ്യമായ വൈദ്യുത ഉപകരണങ്ങളും മറ്റു സാധനങ്ങളും മൊത്തമായാണ് വാങ്ങുന്നത്. ആശുപത്രിയിലേക്ക് പ്രത്യേകമായി തുക അനുവദിക്കാറില്ല.

സൊസൈറ്റീസ് ഓഫ് റേഡിയോഗ്രാഫേഴ്സ് എന്ന സംഘടന

144 (802)ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സൊസൈറ്റീസ് ഓഫ് റേഡിയോഗ്രാഫേഴ്സ് എന്ന സംഘടന സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ടോ;

(ബി) എങ്കിൽ ആതുര ശുശ്രൂഷ രംഗത്ത് ഇവരുടെ പ്രവർത്തനങ്ങളും സംഭാവനകളും എന്തൊക്കെയാണെന്നും ഇതിന്റെ ഭാരവാഹികൾ ആരെല്ലാമാണെന്നും വ്യക്തമാക്കുമോ;

(സി) തിരുവനന്തപുരം മെഡിക്കൽ കോളേജ് ക്യാമ്പസിനകത്ത് 10 സെന്റ് ഭൂമി സൗജന്യമായി അനുവദിക്കണമെന്ന് ഈ സംഘടന ആവശ്യപ്പെട്ടിട്ടുണ്ടോ;

(ഡി) ഇവർ സൗജന്യമായി ഭൂമി ആവശ്യപ്പെട്ടിരിക്കുന്നത് എന്താവശ്യത്തിനാണെന്ന് വ്യക്തമാക്കുമോ; ഇതിന്മേൽ സർക്കാരിന്റെ നിലപാട് എന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ആതുര ശുശ്രൂഷ രംഗത്തെ ആദ്യ സംരംഭം എന്ന നിലയിൽ ചില പദ്ധതികൾ സൊസൈറ്റി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇപ്പോഴത്തെ ഭാരവാഹികൾ ചെയർമാൻ - ജെ. നാരായണൻ നായർ, വൈസ് ചെയർമാൻ - രാജേഷ് കേശവൻ, ജനറൽ സെക്രട്ടറി - ഷഹാബ്ദീൻ

(സി) പഴയ റേഡിയോ തെറാപ്പി ഡിപ്പാർട്ട്മെന്റ് വാർഡിന്റെ കെട്ടിടം, സ്ഥല സൗകര്യങ്ങൾ അല്ലെങ്കിൽ റേഡിയോളജിയുമായി ബന്ധപ്പെട്ട ഭാഗത്ത് കെട്ടിടം നിർമ്മിച്ചു സ്കാനർ സ്ഥാപിക്കുന്നതിലേക്കായി 10 സെന്റ് സ്ഥലം അനുവദിക്കുന്നത് പരിഗണിക്കണമെന്നാവശ്യപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly